# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.പി.റ്റി.എ.(പി12)-248/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 30/03/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കോയിപ്പുറം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ

നമ്പർ: കെ.എസ്.എ.പി.റ്റി.എ.(പി12)-248/2023 തീയ്യതി: 30/03/2023

## പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 13-12-2021 മുതൽ 28-02-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ സാബു സി. ജോർജ്ജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 03-03-2023 | 10-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 03-03-2023 | 10-03-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ജോമോൾ എം. ജോണി , ഓഡിറ്റ് ഓഫീസർ
ശ്രീമതി സൂര്യപ്രഭ പി.സി. , അസി.ഓഡിറ്റ് ഓഫീസർ
ശ്രീമതി സ്മിത റ്റി. , സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ജിജി ജോൺ മാത്യൂ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി മിനി കെ.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനി കെ.ആർ | സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീമതി സി.അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ ഓഫ് അഗ്രികൾച്ചർ | 01-04-2021 | 31-03-2022 |
| ശ്രീ.സാം മാത്യൂ | അസി.എക്സി.എൻജിനീയർ | 01-04-2021 | 23-05-2021 |
| ശ്രീമതി രമ്യ സുധീർ | അസി.എക്സി.എൻജിനീയർ | 24-05-2021 | 31-03-2022 |
| ശ്രീ. ശ്രീജിത്ത്.എസ് | അസി.എൻജിനീയർ | 01-04-2021 | 31-03-2022 |
| ഡോ.അജിത.പി | സിവിൽ സർജൻ | 01-04-2021 | 02-07-2021 |
| ഡോ. ദീപാ മാത്യൂ | സിവിൽ സർജൻ | 03-07-2021 | 31-03-2022 |
| ശ്രീ. ഹരി എ | ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി അമ്പിളി കെ.യു | എസ്.സി ഡവലപ്മെന്റ് ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. സാബു.എം.എസ് | ഡയറി എക്സ്റ്റൻഷൻ ഓഫീസർ (ഇൻ ചാർജ്) | 01-04-2021 | 22-07-2021 |
| ശ്രീമതി ബിന്ദു ദേവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 23-07-2021 | 31-03-2022 |
| ശ്രീമതി ആൻ ഡാർലി വർഗീസ് | ശിശുവികസന പദ്ധതി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി.ലതാകുമാരി ടി.ആർ | ശിശുവികസന പദ്ധതി ഓഫീസർ | 28-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന | 1-2 |
| 3 | സാമ്പത്തിക നില | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകളുടെ വിവരം | 1-8 |
| 9 | സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വനിതാ കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചു | 1-9 |
| 10 | വരാൽച്ചാൽ തുടർപരിപാലനം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-10 |
| 11 | കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പ്രോജക്ട് ലക്ഷ്യം കണ്ടില്ല | 1-11 |
| 12 | പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- സമയബന്ധിതമായി പ്രോജക്ട് നിർവ്വഹിക്കാത്തത് മൂലം നഷ്ടമായത് 5.2ലക്ഷം രൂപ | 1-12 |
| 13 | സോളാർ പാനൽ സ്ഥാപിക്കൽ- പൂർത്തീകരണ രേഖകളില്ല | 1-13 |
| 14 | സി.സി.ടി.വി. സ്ഥാപിക്കൽ പ്രോജക്ട് ഉപേക്ഷിച്ചു: മുൻകൂറായി നൽകിയ 18 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല | 1-14 |
| 15 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികളിൽ മുടങ്ങിക്കിടക്കുന്നത് 4.47 കോടി രൂപ | 1-15 |
| 16 | പഠനമുറി ധനസഹായം-മതിയായ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അനുവദിച്ചു | 1-16 |
| 17 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ | 1-17 |
| 18 | മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്വയം തൊഴിൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ | 1-18 |
| 19 | ജനറൽ പർപ്പസ് ഫണ്ടിലേക്ക് തുക റീക്ലപ്പ് ചെയ്തിട്ടില്ല. | 1-19 |
| 20 | ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം- പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച | 1-20 |
| 21 | ലോഗ് ബുക്ക് പരിപാലനം - മൈലേജ് സർട്ടിഫിക്കറ്റ് ബുക്കിൽ പതിച്ചില്ല. | 1-21 |
| 22 | അംഗൻവാടി കെട്ടിടത്തിന് മുകൾനിലയിൽ വയോജന ക്ലബിനായി സൗകര്യമൊരുക്കൽ-ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല | 1-22 |

| | | |
|---|---|---|
| 23 | റ്റി.എസ്.സി. അക്കൗണ്ടിലെ തുക നിക്ഷേപമാക്കി | 1-23 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ് / സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധം 3: വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം | |

# ഭാഗം -1
## പൊതു അവലോകനം

### 1-1 ബജറ്റ്

8-02-2021 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ 1(1) നമ്പർ തീരുമാന പ്രകാരം 2021-22 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരമുള്ള മുന്നിരിപ്പ് 2717417 രൂപയും വരവ് 62345583 രൂപയും ചെലവ് 64327000 രൂപയും നീക്കിയിരിപ്പ് 736000 രൂപയുമാണ്.

### 1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വർഷത്തെ വാർഷിക ധനകാര്യ പത്രിക 31.05.2022-ന് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഇ-സബ്മിറ്റ് ചെയ്തിരുന്നു. 2021-22 വർഷത്തെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരുമാനം 48694194 രൂപയും ചെലവ് 35996260 രൂപയും തൻവർഷ പ്രവർത്തന മിച്ചം 12697934 രൂപയുമാണ്. 31/03/2022-ലെ ബ്ലോക്ക് പഞ്ചായത്തിന്റ ആസ്തിമൂല്യം 75196511 രൂപയും ബാധ്യതകളുടെ മൂല്യം 42007349 രൂപയും ജനറൽ ഫണ്ട് 33189162 രൂപയുമാണ്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രിക പഞ്ചായത്തിലെ അടിസ്ഥാന രേഖകളുമായി ഒത്തുനോക്കി പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന അക്കൗണ്ടിങ്ങ് അപാകതകൾ ഉള്ളതായി ബോധ്യപ്പെട്ടു.

1. കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ കാണിക്കുന്ന പത്രിക, കണ്ടിജന്റ് ബാധ്യതകൾ, അടിസ്ഥാന അനുപാതങ്ങൾ എന്നിവ തയ്യാറാക്കി വാർഷിക കണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.
2. ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെ കൃത്യത (ഷെഡ്യൂൾ ബി4)പരിശോധിക്കുന്നതിന് അടിസ്ഥാന രേഖയായ എ.സി.ആർ. സൂക്ഷിച്ചിട്ടില്ല. IAY, PMAY അക്കൗണ്ട് പ്രകാരം നീക്കിയിരിപ്പുള്ള തുകകൾ ബി4ഷെഡ്യൂളിൽ ബാധ്യതയായി അക്കൗണ്ട് ചെയ്തിട്ടില്ല.
3. പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന രീതിയിൽ ഡെപോസിറ്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
4. സർക്കാർ/മറ്റ സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
5. 26/07/2011-ലെ ജി.ഒ (എം.എസ്)152/2011/ത.സ്വ.ഭ.വ-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്ത് വക ഭൂമിയുടെ മൂല്യം B11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.
6. ആസ്തികളുടെ ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.
7. 412010101-Capital Work In Progress :- പാർട്ട് ബില്ലും ക്രമീകരണവും കൃത്യമായി അക്കൗണ്ട് ചെയ്യുന്നില്ല.
8. ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച കാലിത്തീറ്റ വിതരണ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുക Dairy Devolopment-Infrastructure എന്ന ഹെഡിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു.
9. പ്രോജക്ടുകൾക്കായി തനത് ഫണ്ട് ചെലവഴിച്ചത് സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല(106/22).
10. അഡ്വാൻസ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കാതിരുന്നതിനാൽ B-18 ഷെഡ്യൂൾ പ്രകാരം അഡ്വാൻസിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. NREGS-ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക ലഭ്യമാക്കിയ കണക്കുകൾ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.
11. B17- റീക്കൺസിലിയേഷൻ നടത്തി ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരുപ്പും ബാങ്ക് പാസ്സ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുത്തിയിട്ടില്ല. ആയതിനാൽ തന്നെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല. പഞ്ചാബ് നാഷണൽ ബാങ്ക്(TSC) ബാങ്ക് ബുക്ക് ബാലൻസ് പ്രകാരമുള്ള തുക(2309542) കൃത്യമല്ല. ഈ ബാങ്ക് അക്കൗണ്ടിന്റെ 01/04/21-ലെ മുന്നിരിപ്പ് 32324 രൂപയും 31/03/22-ലെ നീക്കിയിരിപ്പ് 33278 രൂപയുമാണ്. പഞ്ചാബ് നാഷണൽ ബാങ്കിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയിൽ നിന്നും 2284900 രൂപ 23/04/20-ൽ ഫെഡറൽ ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിച്ച് (നം. 15970200000864) നിക്ഷേപിക്കുകയും അതിൽ നിന്നും 20,00,000 രൂപ 29/04/20-ന് Autosweep മുഖേന Term Deposit ആക്കുകയും ചെയ്തു. എന്നാൽ ഇതനുസരിച്ച് സാംഖ്യയിൽ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെയും (നം. 15970200000864) ഡെപ്പോസിറ്റ് അക്കൗണ്ടിന്റെയും വിശദാംശം സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല.
12. ഷെഡ്യൂൾ ബി-18: വിവിധ നിർവ്വഹണ ഏജൻസികൾക്ക് വർഷങ്ങളായി നൽകിയിട്ടുള്ള മുൻകൂർ തുക വിനിയോഗ സാക്ഷ്യപത്രം വാങ്ങി ബന്ധപ്പെട്ട ആസ്തികളിലേക്ക് മാറ്റിയിട്ടില്ല.

വാട്ടർ അതോറിറ്റി- 10321561

കെ.എസ്.ഇ.ബി- 3575862

13. പി.ഡബ്ല്യൂ.ഡി ഇലക്ട്രോണിക്സ് വിംഗിന് 2019-20 വർഷം മുൻകൂറായി നൽകിയ തുക കറന്റ് അസറ്റ് ആയി അക്കൗണ്ട് ചെയ്തിട്ടില്ല.

14. ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ(492538) ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

15. ഷെഡ്യൂൾ B15:- Receivables From Govt.(Redemption) ഇനത്തിൽ തിരികെ ലഭിക്കുവാനുള്ള തുക അക്കൗണ്ട് ചെയ്തിരിക്കുന്നത് കൃത്യമല്ല. മുൻവർഷം കുറവ് ചെയ്ത തുക തിരികെ ലഭിച്ചെങ്കിലും അക്കൗണ്ട് ക്രമീകരിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന അപാകതകൾ തുടർനടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു. അപാകതകൾ പരിഹരിച്ച് നോട്ട്സ് ഓൺ അക്കൗണ്ട് സഹിതം വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക നില

| | |
|---|---|
| മുന്നിരിപ്പ് | 6065004 |
| ഓഡിറ്റ് വർഷത്ത വരവ് | 52101757 |
| ആകെ | 58166761 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 50410770 |
| നീക്കിയിരിപ്പ് | 7755991 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 16739144 | 16739144 | 15621000 | 1118144 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 11358851 | 11358851 | 9665230 | 1693621 |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 253700 | 253700 | 221000 | 32700 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 6427211 | 6427211 | 4518054 | 1909157 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ-ടൈഡ്) | 0 | 3331135 | 3331135 | 2679504 | 651631 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 5928023 | 5928023 | 4381350 | 1546673 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പിലാക്കിയ പ്രോജക്ടുകളുടെ |
|---|---|---|---|---|---|

| (എണ്ണം) | | | | | ശതമാനം |
|---|---|---|---|---|---|
| 83 | 57645808 | 69 | 37182138 | 14 | 83.13% |

<u>നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ്</u>

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നടത്തിപ്പ് വിവരങ്ങൾ ചുവടെ ചേർക്കുന്നു-

| *നിർവ്വഹണ ഉദ്യോഗസ്ഥൻ* | *ആവിഷ്കരിച്ച പ്രോജക്ടുകൾ* | *നടപ്പിലാക്കിയ പ്രോജക്ടുകൾ* | *അടങ്കൽ തുക* | *ചെലവഴിച്ച തുക* | *ചെലവ് ശതമാനം* |
|---|---|---|---|---|---|
| സെക്രട്ടറി | 29 | 21 | 24815321 | 16007608 | 64.5 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 5 | 4 | 1733579 | 794552 | 45.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 16 | 13 | 6632037 | 3863522 | 58.2 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 10 | 9 | 2544980 | 2310144 | 90.8 |
| ശിശു വികസന പ്രോജക്ട് ഓഫീസർ | 7 | 6 | 3680000 | 3288626 | 89.4 |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, കാഞ്ഞീറ്റുകര | 4 | 4 | 1951860 | 1706814 | 87.4 |
| ഡെയറി എക്സ്റ്റൻഷൻ ഓഫീസർ | 5 | 5 | 6758031 | 3122197 | 46.19 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 5780000 | 5130000 | 88.75 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 4 | 4 | 3750000 | 1020000 | 27.2% |
| | 83 | 69 | 57645808 | 37243463 | 64.6 |

തനത് ഫണ്ട്/ജില്ലാ പഞ്ചായത്ത് ഫണ്ട് വകയിരുത്തി ആവിഷ്കരിച്ച പ്രോജക്ടുകളുടെ ചെലവ് പ്രോജക്ട് ചെലവായി അക്കൗണ്ട് ചെയ്തിട്ടില്ല. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ലക്ഷക്കണക്കിന് രൂപ മുൻകൂറായി നിർവ്വഹണ ഏജൻസികൾക്ക് നൽകിയിട്ടുണ്ടെങ്കിലും സമയബന്ധിത പൂർത്തീകരണം ഉറപ്പാക്കിയിട്ടില്ല. മിനി മാസ്റ്റ് സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള സംയുക്ത പ്രോജക്ടിന് ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷൻ അംഗീകരിക്കുന്നതിലുണ്ടായ കാലതാമസം മൂലം പാസ്സാക്കിയ തുക ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കാത്ത അവസ്ഥയുണ്ടായി. കാലിത്തീറ്റ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തും ഗ്രാമപഞ്ചായത്തുകളും ഒരേ സമയം ഏറ്റെടുക്കുന്നത് മൂലം സബ്സിഡി അനുവദിക്കുന്നത് അധികരിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പാക്കുന്നതിന് സാധിക്കാതെ വരുന്നു. ഡയറി എക്സ്റ്റൻഷൻ ഓഫീസർ/ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹിച്ച പ്രോജക്ടുകളിൽ ഗുണഭോക്താക്കൾ നേരിട്ട് ചെലവഴിക്കുന്ന തുക പ്രോജക്ടിൽ വകയിരുത്തുന്നുണ്ടെങ്കിലും ചെലവ് രേഖപ്പെടുത്തുന്നില്ല. ഇതുമൂലം ചെലവ് ശതമാനം കുറയാനിടവരുന്നു. റോഡിതര മെയിന്റനൻസ് ഗ്രാന്റിൽ നിന്നും 1470534 രൂപ മാത്രമാണ് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസിനായി ഉപയോഗിച്ചത്. സി.എച്ച്.സികൾക്ക് മരുന്നുവാങ്ങുന്നതിനും കണ്ടിജന്റ് ചെലവുകൾക്കുമായാണ് കൂടുതൽ ഫണ്ടും ഉപയോഗിച്ചത്. തനത് ആസ്തിയുടെ മെയിന്റനൻസിനും(ഗ്രാമപഞ്ചായത്ത് മീറ്റിംഗ് ഹാൾ) റോഡിതര മെയിന്റനൻസ് ഗ്രാന്റ് ഉപയോഗിച്ചിട്ടുണ്ട്. പ്രോജക്ടുകളുടെ മോണിട്ടറിംഗ് കൃത്യമായി നടത്തി ആയത് ഉദ്ദേശലക്ഷ്യം കൈവരിക്കുന്നുണ്ടോ എന്ന്

ഉറപ്പുവരുത്തുന്നില്ല.

## 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.03.2023-ൽ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. നീക്കിയിരിപ്പ് തുക ഇല്ലായെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

സാംഖ്യ സോഫ്റ്റ്‌വെയർ മുഖാന്തിരമുള്ള അക്കൗണ്ടിംഗിൽ ന്യൂനതകളുണ്ട്. വരവ് ചെലവുകൾ യഥാസമയം അക്കൗണ്ട് ചെയ്യുന്നില്ല. ബാങ്ക് ബുക്കുകൾ മാസാന്ത്യ, വർഷാന്ത്യ റിക്കൺസിലിയേഷൻ നടത്തി ബാങ്ക്/ട്രഷറി അക്കൗണ്ട് നീക്കിയിരിപ്പുമായി പൊരുത്തപ്പെടുത്തിയിരുന്നില്ല. നിർമ്മൽ പുരസ്കാർ ഇനത്തിൽ ലഭിച്ച തുക പിൻവലിച്ച് ടേം ഡെപ്പോസിറ്റാക്കി. എന്നാൽ ഈ ഇടപാടുകൾ ഒന്നും തന്നെ വാർഷിക കണക്കിൽ ഉൾപ്പെടാതിരുന്നത് ആഭ്യന്തര നിയന്ത്രണത്തിലുണ്ടായ പാളിച്ചയാണ്. അഡ്വാൻസ് രജിസ്റ്ററിലെ രേഖപ്പെടത്തലുകൾ പൂർണ്ണമല്ല. ഡെപ്പോസിറ്റ് വർക്കുകളുടെ പൂർത്തീകരണം, ഡെപ്പോസിറ്റ് തുകകളുടെ ക്രമീകരണം എന്നിവ പരിശോധിച്ച് നിശ്ചയം വരുത്തുന്നതിന് ഇതുമൂലം സാധിക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്ന കാര്യത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. കൈമാറിക്കിട്ടിയ ഓഫീസുകളിലേതുൾപ്പടെ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥരുടെ പേര്, ഉദ്യോഗപ്പേര്, മേൽ വിലാസം, ഫോൺ നമ്പർ, ചുമതല വഹിച്ച കാലയളവ്, ഏത് ഓഫീസിലേക്കാണ് സ്ഥലം മാറി പോയതെന്നുമുള്ള വിവരങ്ങൾ എന്നിവ അടങ്ങിയ ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കുന്നില്ല. കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കായി വാങ്ങിക്കുന്ന ഉപകരണങ്ങളൊന്നും ആസ്തി രജിസ്റ്ററിൽ ചേർക്കുന്നില്ല. കമ്മിറ്റിയുടെ തീരുമാനം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപെട്ടു. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലെ ആവശ്യത്തിനായി വാഹനം വാടകക്ക് എടുക്കുന്നുണ്ട്. 15.12.2021 മുതൽ കി.മി.-ന് 14.75/-രൂപ നിരക്കിലാണ് തുക അനുവദിക്കേണ്ടത് എന്ന് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ടെങ്കിലും 14.9 രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ മിനിട്ട്സ് പരിശോധിച്ചതിൽ എടുക്കുന്ന തീരുമാനങ്ങളിൽ തുടർനടപടികൾ സ്വീകരിക്കുന്നുണ്ടോ എന്നത് ഉറപ്പു വരുത്തുന്നില്ല, ആയതിൽ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-8 മറ്റ് ഓഡിറ്റുകളുടെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.03.21-10.03.2021 | 01.04.18 – 28.02.2021 | 27.07.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 08.05.2019-16.05.2019 | 01.4.2014-31.03.2019 | 19.01.2021 |

## 1-9 സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെ വനിതാ കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിച്ചു

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വനിതാ കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും(88/22) ബ്ലോക്ക് പരിധിയിലുള്ള 4 വനിതാ കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 350000 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കർഷക ഗ്രൂപ്പുകൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നതിനുള്ള സബ്സിഡി മാനദണ്ഡങ്ങൾ പാലിക്കാതെയാണ് തുക അനുവദിച്ചത്.

| ക്രമനമ്പർ | വനിതാ കർഷക ഗ്രൂപ്പിന്റെ വിശദാംശം | അനുവദിച്ച റിവോൾവിംഗ് ഫണ്ട് | ബിൽ റഫറൻസ് നം/തീയതി |
|---|---|---|---|
| 1 | സൗഹൃദ | 100000 | 7867/14.02.2022 |

| | | | |
|---|---|---|---|
| | ഹരിത ഫാം, ഇരവിപേരൂർ | | |
| 2 | ഐശ്വര്യ വെജിറ്റബിൾ ഗ്രൂപ്പ്, ഇരവിപേരൂർ | 100000 | |
| 3 | സ്ത്രീശക്തി ജൈവ കർഷക സമിതി, പുറമറ്റം | 100000 | 6135/26.02.2022 |
| 4 | ഐശ്വര്യ കുടുംബശ്രീ ഗ്രൂപ്പ് | 50000 | 7419/10.03.22 |
| | | 350000 | |

പ്രോജക്ട് നിർവ്വഹണത്തിലുണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം കർഷക ഗ്രൂപ്പുകൾക്ക് ഒരു ഹെക്ടറിന് പരമാവധി ₹30000/- ആണ് റിവോൾവിംഗ് ഫണ്ട് അനുവദിക്കാവുന്നത്. റിവോൾവിംഗ് ഫണ്ട് സബ്സിഡിയോ ധനസഹായമോ അല്ല. ആയത് ബാങ്ക് അക്കൗണ്ടിലേയ്ക്ക് തിരികെ അടയ്ക്കേണ്ടതും ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്യേണ്ടതുമാണ്. ഈ മാനദണ്ഡങ്ങൾ പാലിക്കാതെ കർഷക ഗ്രൂപ്പുകളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുകയാണ് ചെയ്തത്. ഈ ഗ്രൂപ്പുകൾ എത്ര വിസ്തൃതിയിൽ കൃഷി ചെയ്യുന്നുണ്ടെന്ന് അപേക്ഷയിൽ പോലും വ്യക്തമാക്കിയിട്ടില്ല. ബന്ധപ്പെട്ട കൃഷി ഓഫീസർമാരിൽ നിന്നും ഇത് സംബന്ധിച്ച സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. എഗ്രിമെന്റ് വച്ച് കർഷക ഗ്രൂപ്പിന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറുക മാത്രമാണുണ്ടായത്. ഗ്രൂപ്പുകളുടെ ബാങ്ക് പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. തുക കൈമാറിയ സ്ത്രീശക്തി ജൈവ കർഷക സമിതിയുടെ ബാങ്ക് അക്കൗണ്ടിന്റെ കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. ഗ്രൂപ്പുകളുടെ പ്രവർത്തനം മോണിട്ടർ ചെയ്തിട്ടില്ല. റിവോൾവിംഗ് ഫണ്ട് ധനസഹായം എന്ന നിലയിൽ ചെലവഴിക്കുകയായിരുന്നോ അതോ ഗ്രൂപ്പിനുള്ളിൽ റിവോൾവ് ചെയ്ത് കാർഷിക ഉത്പാദനം മെച്ചപ്പെടുത്തുന്നതിന് ഉപയോഗിച്ചുവോ എന്നത് മോണിട്ടർ ചെയ്യപ്പെടാത്തതിനാൽ പ്രോജക്ട് ലക്ഷ്യം പൂർത്തീകരിച്ചുവോ എന്നത് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(17/10.03.2023) മറുപടി നൽകിയിട്ടില്ല. സബ്സിഡി മാർഗ്ഗരേഖ പാലിക്കാതെ ചെലവഴിച്ച 350000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഗ്രൂപ്പുകളുടെ പ്രവർത്തനം സംബന്ധിച്ച ബന്ധപ്പെട്ട കൃഷി ഓഫീസർമാരിൽ നിന്നുള്ള റിപ്പോർട്ട്, കർഷക ഗ്രൂപ്പുകളുടെ പാസ്സ് ബുക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതും മാനദണ്ഡങ്ങൾ പാലിക്കാതെ റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-10 വരാൽച്ചാൽ തുടർപരിപാലനം- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണ ഉദ്യോഗസ്ഥയായി ബ്ലോക്ക് പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിലുൾപ്പെടുത്തി വരാൽച്ചാലിന്റെ വികസനവും സംരക്ഷണവും (23/22) എന്ന പ്രോജക്ട് ആവിഷ്കരിക്കുകയും വികസന ഫണ്ടിൽ നിന്നും ₹ 137640 ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്( ബിൽ റഫൻസ് നം. 1729/15.09.21).

വരാൽച്ചാൽ പ്രദേശത്തുള്ള 750 കുടുംബങ്ങൾ ഉൾപ്പെടുന്ന ഗുണഭോക്തൃ സമിതി രൂപീകരിച്ച് വരാൽച്ചാലിന്റെ തുടർപരിപാലനം ആയിരുന്നു പ്രോജക്ടിന്റെ പ്രധാന ലക്ഷ്യം. എന്നാൽ പ്രോജക്ട് പ്രകാരം തൻ വർഷത്തെ പ്രധാന പ്രവർത്തനം ഗുണഭോക്തൃ കുടുബങ്ങൾക്ക് മണ്ണ് നിറച്ച ഗ്രോബാഗുകളും പച്ചക്കറി തൈകളും നൽകുക എന്നതായിരുന്നു. വരാൽച്ചാൽ സംരക്ഷണത്തിനായി രൂപീകരിച്ച ഹരിത വരാൽച്ചാൽ സമിതി മുഖേനയാണ് പ്രോജക്ട് നിർവ്വഹണം നടത്തിയത്. കോയിപ്രം ഗ്രാമപഞ്ചായത്തിലെ IX, X, XI വാർഡുകളിലെ 210 കുടുംബങ്ങൾക്കായി 2170 ഗ്രോബാഗുകൾ ഹരിതശ്രീ ബയോ ഫാർമസി യൂണിറ്റ് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിതരണം ചെയ്തതായുള്ള രേഖകൾ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ ഹരിത വരാൽച്ചാൽ സമിതിയ്ക്ക് തുക കൈമാറുകയാണ് ചെയ്തത്. സമിതി സ്വന്തം നിലയ്ക്ക് ഗുണഭോക്തൃ വിഹിതം ശേഖരിച്ചതായും 2172 ഗ്രോബാഗുകൾക്ക് ഒന്നിന് 80 രൂപ ക്രമത്തിൽ ബിൽ തുകയായ 173760 രൂപയിൽ ഗുണഭോക്തൃ വിഹിതം (1806x20= 36120) കുറച്ചുള്ള 137640 രൂപ യാണ് പ്രോജക്ട് പ്രകാരം ചെലവഴിച്ചിരിക്കുന്നത് എന്നാണ് ഫയലിലെ രേഖപ്പെടുത്തലുകളിൽ നിന്നും വ്യക്തമാകുന്നത്. AAY വിഭാഗത്തിൽപ്പെടുന്നവർക്ക് നൽകിയ 366 ഗ്രോബാഗുകൾക്ക് ഗുണഭോക്തൃവിഹിതം ഈടാക്കിയിട്ടില്ല എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചെലവുരേഖകൾ ബന്ധപ്പെട്ട കൃഷി ഓഫീസറോ ജനപ്രതിനിധികളോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗുണഭോക്തൃ വിഹിതം ഈടാക്കിയത് സംബന്ധിച്ചും

രേഖകളില്ല. ഗുണഭോക്തൃ വിഹിതം ബ്ലോക്ക് പഞ്ചായത്തിൽ ഒടുക്ക് വരുത്തിയിട്ടില്ല. ഗ്രോ ബാഗുകൾ നൽകുന്ന പ്രോജക്ട് ഗ്രാമപഞ്ചായത്തുകൾ മുഖേന നടത്തുവാനാണ് സബ്സിഡി മാർഗ്ഗരേഖ പ്രകാരം അനുമതിയുള്ളത്. കോയിപ്രം ഗ്രാമപഞ്ചായത്തിന് വിഹിതം നൽകി പ്രോജക്ട് നടപ്പിലാക്കിയിരുന്നുവെങ്കിൽ സുതാര്യത ഉറപ്പാക്കി പ്രോജക്ട് നിർവ്വഹണം സാധ്യമാകുമായിരുന്നു. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (18/10.03.2023) മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 137640 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പ്രോജക്ട് നിർവ്വഹണം ലക്ഷ്യപ്രാപ്തി കൈവരിച്ചു എന്നതിനെ സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-11 കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ-പ്രോജക്ട് ലക്ഷ്യം കണ്ടില്ല

കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തലും ബന്ധിപ്പിക്കലും എന്ന പദ്ധതിയുടെ (നം.87/22) ഭാഗമായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിർവ്വഹണോദ്യോഗസ്ഥനായി ₹305000/- വികസന ഫണ്ട് വകയിരുത്തി പദ്ധതി രൂപീകരിക്കുകയും ₹287644/-ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്ന കോയിപ്രം ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ എന്ന സ്ഥാപനം മുഖേനയാണ് ഇതുമായി ബന്ധപ്പെട്ട പ്രധാന പ്രവർത്തനങ്ങൾ ചെയ്തിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ പരാമർശിക്കുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

A) കാർഷിക വിപണന കേന്ദ്രങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെയും ബന്ധിപ്പിക്കുന്നതിന്റെയും ഭാഗമായി ലാപ്ടോപ്പുകൾ(4എണ്ണം), പ്രിന്റർ(6 എണ്ണം), വൈഫൈ റൂട്ടർ(5 എണ്ണം) എന്നിവ വാങ്ങിയതിന് ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷന് 231044 രൂപ (ബിൽ റഫറൻസ് നം.5062/27.03.2021) നൽകിയിട്ടുണ്ട്. ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ ഹാജരാക്കിയ ഇൻഫോടെക്ക് സൊല്യൂഷൻസ് എന്ന സ്ഥാപനത്തിന്റെ ബില്ലിന്റെ അടിസ്ഥാനത്തിൽ തുക കൈമാറുകയാണുണ്ടായത്. കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്ന നടപടിക്രമങ്ങൾ ഒന്നും പാലിച്ചിട്ടില്ല. ഉപകരണങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിതരണത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ലാപ്ടോപ്പ് | അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് |
| | ഇരവിപേരൂർ വീക്കിലി മാർക്കറ്റ് |
| | പുറമറ്റം വീക്കിലി മാർക്കറ്റ് |
| | തോട്ടപ്പുഴശ്ശേരി സമൃദ്ധി സംഘം |
| പ്രിന്റർ | അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് |
| | ഇരവിപേരൂർ വീക്കിലി മാർക്കറ്റ് |
| | പുറമറ്റം വീക്കിലി മാർക്കറ്റ് |
| | ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, കോയിപ്രം |
| | എഴുമറ്റൂർ ഹരിത സംഘം |
| | തോട്ടപ്പുഴശ്ശേരി സമൃദ്ധി സംഘം |
| വൈഫൈ റൂട്ടർ | അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ് |
| | ഇരവിപേരൂർ വീക്കിലി മാർക്കറ്റ് |
| | പുറമറ്റം വീക്കിലി മാർക്കറ്റ് |
| | ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷൻ, കോയിപ്രം |
| | തോട്ടപ്പുഴശ്ശേരി സമൃദ്ധി സംഘം |

കാർഷിക വിപണന കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനായി സോഫ്റ്റ് വെയർ നിർമ്മിക്കുന്നതിനും സർവ്വർ കമ്പ്യൂട്ടറും മറ്റും വാങ്ങുന്നതിനുമായി 2020-21 വർഷം പ്രോജക്ട് നടപ്പിലാക്കിയിരുന്നു. ഇതനുസരിച്ച് തയ്യാറാക്കിയ 'എന്റെ ചന്ത' എന്ന സോഫ്റ്റ്വെയറിന്റെ സഹായത്തോടെ മാർക്കറ്റുകളെ പരസ്പരം ബന്ധിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ലാപ്ടോപ്പും അനുബന്ധ ഉപകരണങ്ങളും നൽകിയത്. പരിശീലനം നൽകുന്നതിനായി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസിലേയ്ക്ക് ഉപകരണങ്ങൾ നൽകി. കാർഷിക വിപണന കേന്ദ്രങ്ങളെ സോഫ്റ്റ് വെയർ വഴി പരസ്പരം ബന്ധിപ്പിക്കുന്ന പ്രവൃത്തി പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ലായെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിച്ചു വന്നിരുന്ന ഫാർമേഴ്സ് എക്സ്റ്റൻഷൻ ഓർഗനൈസേഷനും നിലവിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. കാർഷിക വിപണന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിനും കർഷകർ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തി മികച്ചവില ലഭിക്കുന്നതിനും ലക്ഷ്യമിട്ട് ആരംഭിച്ച പ്രോജക്ടുകൾക്കായി ലക്ഷങ്ങൾ ചെലവഴിച്ചെങ്കിലും പ്രവർത്തനം പൂർത്തീകരിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത്

പരിധിക്കുള്ളിലെ കർഷകർക്ക് പ്രയോജനപ്പെടുന്നില്ല. കാർഷിക വിപണന കേന്ദ്രങ്ങളെ പരസ്പരം ബന്ധിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ അടിയന്തിര ഭരണതല നടപടികൾ സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 1-12 പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കൽ- സമയബന്ധിതമായി പ്രോജക്ട് നിർവ്വഹിക്കാത്തത് മൂലം നഷ്ടമായത് 5.2ലക്ഷം രൂപ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി പട്ടികജാതി കോളനികളിൽ മിനിമാസ്റ്റ് സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വിഹിതം നൽകുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് (75/22) പ്രത്യേക ഘടക പദ്ധതി ഫണ്ടിൽ നിന്നും 520518 രൂപ ചെലവഴിച്ചതായി കാണുന്നു(3788/30.03.22). പുറമറ്റം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് 270518 രൂപയും കോയിപ്രം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി അക്കൗണ്ടിലേയ്ക്ക് 250000 രൂപയും ആണ് ട്രാൻസ്ഫർ ചെയ്തത്. മാർച്ച് മാസം അവസാന ദിവസങ്ങളിൽ ട്രാൻസ്ഫർ ചെയ്ത ഈ തുക ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾക്ക് ലഭിച്ചിട്ടില്ല. മിനി മാസ്റ്റ് വിതരണം ചെയ്ത സ്ഥാപനങ്ങൾക്ക് നൽകേണ്ട തുകയാണ് പ്രോജക്ടുകൾ സമയബന്ധിതമായി നടപ്പാക്കുന്നതിലുണ്ടായ വീഴ്ചമൂലം നഷ്ടമായത്. പ്രോജക്ട് തുക നൽകുന്നതിനായി 2/22-ൽ ഗ്രാമപഞ്ചായത്തുകളുടെ റിക്വിസിഷൻ ലഭിച്ചെങ്കിലും 30/03/22-ന് മാത്രമാണ് ട്രഷറിയിൽ ബിൽ സമർപ്പിച്ചത്. സമയബന്ധിതമായി പ്രോജക്ട് തുക മാറി നൽകുന്നതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുണ്ട്. വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളുടെ വിശദാംശവും നിലവിലെ സ്ഥിതിയും അറിയിക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.11) 30/03/22-ന് ശേഷം ട്രഷറി ചെക്ക് സ്വീകരിച്ചിരുന്നില്ല എന്നും ജോയിന്റ് വെഞ്ചർ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്ത തുക 31/03/22-ൽ സർക്കാറിലേയ്ക്ക് തിരികെ ഒടുക്കിയെന്ന് ട്രഷറിയിൽ നിന്നും അറിയിച്ചതായും മറുപടി നൽകി. ബ്ലോക്ക് വിഹിതം വകയിരുത്തി ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിച്ച പ്രോജക്ടുകൾ പ്രകാരം മിനി മാസ്റ്റുകൾ സ്ഥാപിച്ച കരാറുകാർക്ക് തുക നൽകുവാൻ കഴിയാത്ത സ്ഥിതിയാണ് നിലവിലുള്ളത്. ജി.ഒ(പി)86/2016/ഫിൻ തീ. 17/06/2016 നം ഉത്തരവിൽ നിർദ്ദേശിച്ചത് പ്രകാരം നഷ്ടമായ ഫണ്ട് തിരികെ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 സോളാർ പാനൽ സ്ഥാപിക്കൽ- പൂർത്തീകരണ രേഖകളില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വാർഷിക പദ്ധതിയുടെ ഭാഗമായി കാഞ്ഞീറ്റുകര കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സോളാർ പാനൽ സ്ഥാപിക്കുന്നതിനായി പ്രോജക്ട് ആവിഷ്കരിക്കുകയും (109/22) എസ്റ്റിമേറ്റ് പ്രകാരമുള്ള 682000 രൂപ മുൻകൂറായി അനർട്ടിന് കൈമാറുകയും ചെയ്തിട്ടുണ്ട്(ബിൽ റഫറൻസ് നമ്പർ-7045/21.03.22). എന്നാൽ പ്രവൃത്തിയുടെ പൂർത്തീകരണ രേഖകളില്ല. വിശദാംശം ചുവടെ ചേർക്കുന്നു

| | | |
|---|---|---|
| 10kWp ശ്യംഖലാ ബന്ധിത പവർ പ്ലാന്റിന്റെ പ്രതിഷ്ഠാപനത്തിന് ചെലവാകുന്ന തുക | 60000x 10 | 600000 |
| അഡീഷണൽ ലാഡറിനുള്ള ഏകദേശ ചെലവ്(8m) | 20000 | 20000 |
| | | 620000 |
| ഡെപ്പോസിറ്റ് വർക്ക് ചെയ്യുന്നതിനുള്ള അനർട്ടിന്റെ സർവ്വീസ് ചാർജ് | ആകെ ചെലവിന്റെ 10% | 62000 |
| | | 682000 |

(ജി.ഒ(ആർ.റ്റി)നം.205/2019/പവർ തീ. 03/12/2019 പ്രകാരം പ്രോജക്ട് തുകയുടെ 10% അനർട്ടിന് സർവ്വീസ് ചാർജ് നൽകുന്നതിന് അനുമതി നൽകിയിരുന്നു)

അനർട്ടുമായി 16/06/22-ൽ ഏർപ്പെട്ട കരാർ പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് ആറുമാസത്തിനകം പ്രവൃത്തികൾ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച രേഖകളില്ല. പവർ പ്ലാന്റിന്റെ സ്ഥാപനം, കമ്മീഷനിംഗ്, പരിപാലനം എന്നിവ സംബന്ധിച്ച് അനർട്ട് ജില്ലാ ഓഫീസ്, ഗുണഭോക്തൃ സ്ഥാപനം, പ്ലാന്റ് സ്ഥാപിക്കുന്ന ഏജൻസി എന്നിവർ ചേർന്ന് ത്രികക്ഷി കരാറിൽ ഏർപ്പെട്ടത് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് എൻക്വയറിയിൽ ആവശ്യപ്പെട്ടത് പ്രകാരം 10 KW കപ്പാസിറ്റിയുള്ള പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി-യിൽ നിന്നും ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചത് ഓഡിറ്റിന് ഹാജരാക്കിയിരുന്നു. പ്രവൃത്തി

പൂർത്തീകരിച്ചതായി സെക്രട്ടറി മറുപടി നൽകിയെങ്കിലും വർക്ക് കംപ്ലീഷൻ റിപ്പോർട്ടോ അനർട്ടിന്റെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ടി രേഖകൾ ഹാജരാക്കി പരാമർശം തീർപ്പാക്കേണ്ടതാണ്.

## 1-14 സി.സി.ടി.വി. സ്ഥാപിക്കൽ പ്രോജക്റ്റ് ഉപേക്ഷിച്ചു: മുൻകൂറായി നൽകിയ 18 ലക്ഷം രൂപ തിരികെ ലഭിച്ചിട്ടില്ല

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ മാരാമൺ ചിറയിറമ്പ് ഭാഗത്ത് മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിന് സി.സി.ടി.വി സ്ഥാപിക്കുന്നതിന് വേണ്ടി 18,00,400 രൂപ വികസന ഫണ്ട് വകയിരുത്തി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2019-20 വാർഷിക പദ്ധതി പ്രകാരം പ്രോജക്റ്റ് ആവിഷ്കരിച്ചിരുന്നു (150/20). ഇതനുസരിച്ച് 18,00,400 രൂപ(ബിൽ നം-79/31.03.2020) പൊതുമരാമത്ത് വകുപ്പിൽ നിക്ഷേപിച്ചിരുന്നു. പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷൻ (കോട്ടയം) അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 33,37,988 രൂപയുടെ എസ്റ്റിമേറ്റ് പ്രകാരമാണ് പ്രോജക്റ്റ് നിർവ്വഹണത്തിനായി തുക നൽകിയത്. എന്നാൽ നിയമാനുസൃത കരാറിൽ ഏർപ്പെട്ടിരുന്നില്ല. എസ്റ്റിമേറ്റ് പ്രകാരം അവശേഷിക്കുന്ന തുക നൽകുന്നതിന് 2020-21 സാമ്പത്തിക വർഷം പ്രോജക്റ്റ് ആവിഷ്കരിച്ചുവെങ്കിലും ജില്ലാ ആസൂത്രണസമിതിയുടെ അനുമതി ലഭിച്ചില്ല. പ്രത്യേക അനുമതിയ്ക്കായി സംസ്ഥാന കോർഡിനേഷൻ സമിതിയ്ക്ക് സമർപ്പിച്ചുവെങ്കിലും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ലെന്ന് സെക്രട്ടറി അറിയിച്ചു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്, തുക തിരികെ നൽകുന്നതിനായി പി.ഡബ്ല്യു.ഡി. ഇലക്ട്രോണിക്സ് സബ് ഡിവിഷന് പലതവണ കത്ത് നൽകിയെങ്കിലും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല എന്നും സെക്രട്ടറി മറുപടി നൽകി. പദ്ധതി നിർവ്വഹണത്തിനും നിർവ്വഹണ ഏജൻസികൾക്ക് മുൻകൂറായി തുക നൽകുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾ ഒന്നും പാലിക്കാതെ തുക നൽകിയതിനാലാണ് ഇപ്രകാരം ഉണ്ടായത്. തുക തിരികെ ലഭിക്കുന്നതിന് ഭരണതലത്തിൽ നടപടികൾ സ്വീകരിച്ച് വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവ്വഹണ ഏജൻസികളിൽ മുടങ്ങിക്കിടക്കുന്നത് 4.47 കോടി രൂപ

ബ്ലോക്ക് പഞ്ചായത്ത് 2011-12 മുതൽ 2021-22 വരെ വിവിധ നിർവ്വഹണ ഏജൻസികളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ₹44763764 മുൻകൂറായി ഡെപ്പോസിറ്റ് ചെയ്തിരുന്നു(അനുബന്ധം 3). ഏക വർഷ പദ്ധതിയായി അംഗീകാരം നേടി അതാത് സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കണം എന്ന കരാർ നിബന്ധനയ്ക്ക് വിധേയമായാണ് നിർവ്വഹണ ഏജൻസികൾക്ക് ഫണ്ട് കൈമാറിയിട്ടുള്ളത് എങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ച് അന്തിമ ബില്ലും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കിയിട്ടില്ല.

പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികളിൽ ഭൂരിഭാഗവും ഒരു ഗ്രാമപഞ്ചായത്തിനകത്തുള്ള ജലവിതരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ്. ഇപ്രകാരമുള്ള പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്ത് പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഗ്രാമപഞ്ചായത്തുകളെ രേഖാമൂലം അറിയിക്കുന്നുമില്ല. ഇത് ഒരേ പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് ഇടയാക്കുന്നുണ്ട്. ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ പൂർത്തീകരിച്ചതിനാൽ ബ്ലോക്ക് പഞ്ചായത്ത് ടി പ്രവൃത്തികൾക്കായി നിക്ഷേപിച്ച തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് ഡിവിഷൻ മെമ്പർമാർ ജനറൽ കമ്മിറ്റിയിൽ ആവശ്യപ്പെട്ടതായി മിനിട്ട്സ് പരിശോധനയിൽ വ്യക്തമായി. ഇത്തരത്തിൽ ഫണ്ട് പാഴാകുന്നത് ഒഴിവാക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാത്തത് മൂലം ഫണ്ട് ചെലവഴിച്ചിട്ടും ടി പദ്ധതികളുടെ പ്രയോജനം ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത അവസ്ഥയാണ്. ടി പ്രവൃത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

## 1-16 പഠനമുറി ധനസഹായം-മതിയായ വാല്യുവേഷൻ സർട്ടിഫിക്കറ്റില്ലാതെ അനുവദിച്ചു

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി എസ്.സി.വിദ്യാർഥികൾക്ക് പഠനമുറി സഹായം എന്ന പ്രോജക്റ്റ്(എസ്007/22) പ്രകാരം ഗുണഭോക്താവിന് തുക അനുവദിച്ചിരിക്കുന്നത് മതിയായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| ഗുണഭോക്താവിന്റെ പേര് | അനുവദിച്ച തുക | ബിൽനമ്പർ/തുക | വാല്യുവേഷൻസർട്ടിഫിക്കറ്റ് പ്രകാരം അനുവദിക്കാവുന്ന തുക |
|---|---|---|---|
| സിന്ധു സി.ആർ. | 150000 | 22/30.12.2021-50000<br>43/25.3.2022-100000 | 50000 |

മേൽ സൂചിപ്പിച്ച പ്രകാരം മതിയായ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ തുക അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.14/10.03.2023) ലഭ്യമാക്കിയ മറുപടിയിൽ പഠനമുറി നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല എന്നും, നിർമ്മാണത്തിന്റെ അവസാനഘട്ടത്തിൽ ആണ് വാല്യുവേഷൻ ലഭ്യമാക്കുന്നത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. പഠനമുറി പോലുള്ള പ്രോജക്ടുകളിൽ ,ഗുണഭോക്താക്കൾക്ക് ഗഡുക്കളായി തുക അനുവദിക്കുമ്പോൾ, നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടം വരെയെത്തി എന്ന് പരിശോധിച്ച് ഉറപ്പുവരുത്തി, ആയതിന്റെ അടിസ്ഥാനത്തിൽ മാത്രം തുക അനുവദിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ പ്രോജക്ടുകൾ - അപാകതകൾ

എ) മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു.

ആശുപത്രികളിലേക്ക് ആവശ്യമായതും, പാലിയേറ്റീവ് കെയർ പ്രോജക്ടിലേക്കുള്ളതുമായ മരുന്നുകൾ ലഭിക്കാനുണ്ട്. കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പ്രൊഫോമ ഇൻവോയ്സ് പ്രകാരം ടി സ്ഥാപനത്തിന്റെ അക്കൗണ്ടിലേക്കാണ് തുക ഒടുക്കിയിട്ടുള്ളത്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | ബിൽ നം., തീയതി | ഒടുക്കു വരുത്തിയ തുക | ലഭിക്കാനുള്ള മരുന്ന് (തുക) | പ്രൊഫോമ ഇൻവോയ്സ് നം. | റിമാർക്സ് |
|---|---|---|---|---|---|
| 35/21-22 | 143 ,27.01.22 | 231658 | 231658 | PRF4718 ,11.01.22 | പാലിയേറ്റീവ് സെക്കന്ററി കെയർ |
| | 152 , 03.02.22 | 50000 | 50000 | PRF5363, 01.02.22 | |
| | 101 ,20.12.21 | 200000 | 200000 | PRF4148 16.12.21 | |
| 37/21-22 | 100 , 20.12.21 | 200000 | 200000 | PRF4122 15.12.21 | കാഞ്ഞീറ്റുകര സി.എച്ച്.സി സ്റ്റോക്ക് |
| | 250 , 21.03.22 | 200000 | 200000 | PRF6201 , 25.02.22 | എഴുമറ്റൂർ സി.എച്ച്.സി സ്റ്റോക്ക് |

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതും വിശദാംശം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

ബി)പി.എം.സി കൃത്യമായി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മറ്റി (പി.എം.സി) രണ്ട് മാസത്തിലൊരിക്കലോ, ആവശ്യാനുസരണം ഇടവേളകളിലോ യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. ഓരോ മാസത്തെയും പ്രവർത്തന അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി ഈ യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. എന്നാൽ 08.07.21, 09.03.22 എന്നീ തീയതികളിൽ മാത്രമാണ് 2021-22 വർഷം യോഗം കൂടി പ്രവർത്തന അവലോകനം നടത്തിയിട്ടുള്ളത്.

## 1-18 മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്വയം തൊഴിൽ- പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ

മാനസിക വെല്ലുവിളി നേരിടുന്ന(mild & Moderate) 18-35 പ്രായപരിധിയിലുള്ള 20 ഗുണഭോക്താക്കൾക്ക് കോഴി വളർത്തലിൽ പരിശീലനം നൽകി സ്വയം തൊഴിൽ ചെയ്യുവാൻ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ചൈൽഡ് ഡവലപ്പ്മെന്റ് പ്രോഗ്രാം ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 5 ലക്ഷം രൂപ അടങ്കൽ വകയിരുത്തി മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്വയം തൊഴിൽ എന്ന നൂതന പദ്ധതി 2021-22 വർഷം ആവിഷ്കരിച്ചിരുന്നു (18/22). ഇൻഡ്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചർ റിസർച്ച്(ICAR)-ന്റെ കീഴിൽ തെള്ളിയൂരിൽ പ്രവർത്തിക്കുന്ന കൃഷി വിജ്ഞാന കേന്ദ്രത്തിനാണ് പ്രോജക്ടിന്റെ നിർവ്വഹണ ചുമതല നൽകിയത്. 20 ഗുണഭോക്താക്കൾക്ക് അത്യുത്പാദനശേഷിയുള്ള 20 വീതം മുട്ടക്കോഴികളെയും പ്രത്യേകം രൂപകൽപ്പന ചെയ്ത കൂടും തീറ്റയും കോഴിവളർത്തലിൽ ശാസ്ത്രീയ പരിശീലനവുമാണ് പ്രോജക്ട് ലക്ഷ്യമിട്ടിരുന്നത്. പ്രോജക്ട് പ്രകാരമുള്ള 5 ലക്ഷം രൂപ സ്ഥാപനത്തിന് നൽകിയിട്ടുണ്ട് [ബിൽ റഫറൻസ് നമ്പർ 2367/25.02.22-₹400000, ബിൽ റഫറൻസ് നമ്പർ 2089/21.03.22-₹100000]. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

10/02/2022-ൽ സ്ഥാപനവുമായി വച്ച കരാറിലെ 7-ാം നമ്പർ വ്യവസ്ഥ പ്രകാരം 3 ഗഡുക്കളായി ആണ് തുക നൽകേണ്ടത്(20%+60%+20%). എന്നാൽ എഗ്രിമെന്റ് വച്ചതിന് രണ്ട് ദിവസത്തിന് ശേഷം 14/02/2022-ന് സ്ഥാപനം

നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ 80% തുകയും (400000/) മുൻകൂറായി നൽകി. അംഗീകാരം ലഭിച്ച പ്രോജക്ടിൽനിന്നും എഗ്രിമെന്റിൽ നിന്നും വ്യതിചലിച്ച് സ്ഥാപനം ഹാജരാക്കിയ ഇൻവോയ്സ് പ്രകാരം ഡോക്യുമെന്റേഷൻ ചെലവായി 40000 രൂപയും കണ്ടിജൻസി ചെലവായി 10000 രൂപയും അധികമായി ക്ലെയിം ചെയ്യുകയും തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൃഷി വിജ്ഞാന കേന്ദ്രത്തിന് നൽകിയ തുകയ്ക്ക് ആധാരമായ ബില്ലുകൾ, മറ്റ് അനുബന്ധരേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ഡോക്യുമെന്റേഷന് 40000 രൂപ സ്ഥാപനം വാങ്ങിയിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച രേഖകളൊന്നും ബ്ലോക്ക് പഞ്ചായത്തിനോ നിർവ്വഹണ ഉദ്യോഗസ്ഥയ്ക്കോ നൽകിയിട്ടില്ല. ഡോക്യുമെന്റേഷൻ പ്രവർത്തനങ്ങൾ നടത്തണമെന്ന് സ്ഥാപനത്തോട് ആവശ്യപ്പെട്ടിട്ടുമില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി(നം.8) നൽകിയതിന്റെ അടിസ്ഥാനത്തിൽ ബ്ലോക്ക് തല സമിതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട്, ഗുണഭോക്താക്കളുടെ കൈപ്പറ്റ് രേഖകൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കുകയുണ്ടായി. പ്രോജക്ടിന്റെ ഭാഗമായി ഫീൽഡ് വിസിറ്റ് ആവശ്യമായി വന്നിട്ടുണ്ടെന്നും ആയതിനാണ് കണ്ടിജൻസി ചെലവ് ഈടാക്കിയത് എന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്ട് തൃപ്തികരമായി പൂർത്തീകരിച്ചതായി മോണിട്ടറിംഗ് സമിതി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മോർട്ടാലിറ്റി റേറ്റ് കൂടുതലുള്ള മുട്ടക്കോഴികളെ പെറ്റ്സ് അസിസ്റ്റഡ് തെറാപ്പിയുടെ ഭാഗമായി വിതരണം ചെയ്തത് ഗുണകരമാണോ എന്ന വിഷയം പരിശോധിക്കേണ്ടതാണ്. ഡോക്യുമെന്റേഷൻ ചെലവിനത്തിൽ അധികമായി നൽകിയ 40000 രൂപ സംബന്ധിച്ച് യാതൊരു മറുപടിയും നൽകിയിട്ടില്ല. ആയതിനാൽ ഈ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സ്ഥാപനത്തിന് അധികമായി നൽകിയ 40000 രൂപ തിരികെ ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-19 ജനറൽ പർപ്പസ് ഫണ്ടിലേക്ക് തുക റീക്രൂപ്പ് ചെയ്തിട്ടില്ല.

ബന്ധപ്പെട്ട അക്കൗണ്ടിൽ മതിയായ തുക ശേഷിക്കാതിരുന്നതിനാൽ അടിയന്തിരാവശ്യങ്ങൾക്ക് ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് ചെലവഴിച്ച ചുവടെ പറയുന്ന തുകകൾ റീക്രൂപ്പ് ചെയ്യേണ്ടവയാണ്. തൻ വർഷം ആയത് ചെയ്തിട്ടില്ല. ഉടർ വർഷം തുക റീക്രൂപ്പ് ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുന്നതിന് എൻക്വയറി (7/08.03.23) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

| No | | റീ ക്രൂപ്പ് ചെയ്യേണ്ടതായ തുക | ചെലവ് | ഫണ്ട് |
|---|---|---|---|---|
| 1 | വൗച്ചർ നം 22100053 ചെക്ക് നം 5571055 05.05.21<br>തുക ₹ 176690 | ₹ 7591 | 15.04.21 ലെ ആരോഗ്യ ജാഗ്രതാ പരിശീലനം | ശുചിത്വ മിഷൻ ഫണ്ട്. |
| 2 | വൗച്ചർ നം 22100361<br>ചെക്ക് നം 5571603<br>തുക ₹ 21425 | ₹ 21425 | MPKBY ഏജന്റുമാർക്കുള്ള പരിശീലന പരിപാടി | KILA യിൽ നിന്നുള്ള ഫണ്ട്. |

ഉടർ നടപടി സ്വീകരിച്ച് തുക ജനറൽ പർപ്പസ് ഫണ്ടിലേക്ക് മാറ്റേണ്ടതാണ്.

## 1-20 ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം- പ്രോജക്ട് നിർവ്വഹണത്തിൽ വീഴ്ച

ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നതിനായി പ്രോജക്ട് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾ മുഖേന കാലിത്തീറ്റ വിതരണം ചെയ്തത് പ്രകാരം 50% നിരക്കിൽ സബ്സിഡി തുക, ഗുണഭോക്താക്കൾ കാലിത്തീറ്റ വാങ്ങിയതിന്റെ ബിൽ ഹാജരാക്കുന്നതനുസരിച്ച്, ബന്ധപ്പെട്ട സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേയ്ക്ക് കൈമാറുകയാണ് ചെയ്യുന്നത്. എന്നാൽ ചുവടെ ചേർക്കുന്ന ട്രഷറി ബില്ലുകൾ പ്രകാരം സഹകരണ സംഘങ്ങൾക്ക് കാലിത്തീറ്റ സബ്സിഡി തുക അനുവദിച്ചുവെങ്കിലും സംഘങ്ങൾ വിതരണം ചെയ്ത കാലിത്തീറ്റയുടെ ഒറിജിനൽ ബില്ലുകൾ ഗുണഭോക്താക്കളിൽ നിന്നും വാങ്ങി ഫയലിനോടൊപ്പം ഹാജരാക്കിയിട്ടില്ല.

| പ്രോജക്ട് | ട്രഷറി ബില്ലിന്റെ വിവരം<br>ബിൽറഫറൻസ് നം/തീയതി, | രേഖകൾ ഹാജരാക്കാതെ തുക അനുവദിച്ച ക്ഷീര സഹകരണ | നൽകിയ തുക |
|---|---|---|---|

| | തുക | സംഘത്തിന്റെ പേര് | |
|---|---|---|---|
| 63/22, വനിതാ ക്ഷീര കർഷകർക്ക് കാലിത്തീറ്റ വിതരണം, സ്പിൽ ഓവർ | 76033 /13.12.21, 24930 | പൂവറ്റൂർ | 8680 |
| 26/22, വനിതാ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം | 14261 / 13.03.22 , 452805 | പ്ലാങ്കമൺ | 76665 |
| | | വാളക്കുഴി | 39000 |
| | 15725 / 25.02.22, 631348 | കോയിപ്പുറം | 32500 |
| | | കുമ്പനാട് | 5575 |
| | | ചരൽക്കുന്ന് | 19500 |
| 62/22, ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം | 15523 – 11.10.21, 764422 | വള്ളംകുളം | 71240 |
| | | തടിയൂർ | 65000 |
| | 14268 – 3.03.22, 52123 | കുറിയന്നൂർ | 23978 |
| | 70201 -17.11.21, 118885 | കുമ്പനാട് | 11400 |
| | | തെള്ളിയൂർ | 20550 |
| | | ആകെ | 374088 |

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച ₹374088 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം തീർപ്പാക്കേണ്ടതാണ്.

## 1-21 ലോഗ് ബുക്ക് പരിപാലനം - മൈലേജ് സർട്ടിഫിക്കറ്റ് ബുക്കിൽ പതിച്ചില്ല.

സെൽഫ് ചെക്ക് നം. 551059 /17.06.21 പ്രകാരം KL 27 C 3155 നമ്പർ വാഹനത്തിന്റെ മൈലേജ് ടെസ്റ്റിംഗിനായി 1105 രൂപ മാവേലിക്കര PWD മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിലേക്ക് ചെലാൻ മുഖേന അയയ്ക്കുന്നതിന് തനത് ഫണ്ടിൽ നിന്ന് പിൻവലിച്ചിട്ടുണ്ട് (വൗച്ചർ നം. 22100065/24.06.21 തുക ₹ 1105) . എന്നാൽ ചെലാൻ പകർപ്പ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടില്ല. മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിച്ചിട്ടുമില്ല. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (10/09.03.23) ചെലാൻ പകർപ്പ് ഫയലിൽ നിന്ന് കണ്ടെടുത്ത് വൗച്ചറിനൊപ്പം ചേർക്കുന്നതാണെന്നും, മൈലേജ് സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിക്കുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. ആയവയുടെ പകർപ്പ് ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. മാസാവസാനം സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തുന്നുണ്ടെങ്കിലും ഇന്ധനം നിറയ്ക്കുന്ന സമയത്തെ കിലോമീറ്റർ റീഡിംഗ് രേഖപ്പെടുത്തുന്നില്ല. ഇന്ധന ഉപയോഗം കൃത്യമായി വിലയിരുത്തുന്നതിന് ഇതുമൂലം സാധിക്കുന്നില്ല. അപാകതകൾ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.

## 1-22 അംഗൻവാടി കെട്ടിടത്തിന് മുകൾനിലയിൽ വയോജന ക്ലബിനായി സൗകര്യമൊരുക്കൽ- ഉദ്ദേശ്യലക്ഷ്യം കൈവരിച്ചില്ല

ബ്ലോക്ക് പഞ്ചായത്തിന്റെ എഴുമറ്റൂർ ഡിവിഷനിൽ അംഗൻവാടി വയോജനക്ലബിന് അടിസ്ഥാനസൗകര്യം ഒരുക്കൽ (എസ്066/22)എന്ന പ്രോജക്ട് നടപ്പാക്കുന്നതിനായി,2020-21,2021-22 വർഷങ്ങളിലായി ₹486866/- ചെലവഴിച്ചിട്ടുണ്ട്.{(1)വികസനഫണ്ട്-ബിൽ നമ്പർ- 4/18.1.2022-₹48479/-രൂപ, (2)ജനറൽ പർപ്പസ് ഫണ്ട്-ചെക്ക് നമ്പർ-5571092/18.1.2022-₹186866,(3) ബിൽ നമ്പർ-32/31.03.2021- 251521/-രൂപ )}. കെട്ടിടത്തിന്റെ അവസ്ഥ നേരിൽ കണ്ടു പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട വസ്തുതകൾ താഴെ ചേർക്കുന്നു.

എഴുമറ്റൂർ ഡിവിഷനിലുള്ള അംഗൻവാടിയുടെ മുകളിലുള്ള നിലയിലാണ് ഈ വയോജന ക്ലബിനായുള്ള സൗകര്യം ഒരുക്കിയിരിക്കുന്നത്. ഈ ഡിവിഷനിൽ ഏതെങ്കിലും വയോജന ക്ലബ് പ്രവർത്തിക്കുന്നതായിട്ടോ ,പ്രവർത്തനസൗകര്യങ്ങൾക്കായി കെട്ടിടസൗകര്യം ആവശ്യപ്പെട്ടതായിട്ടോ ഫയലിൽ ഇല്ല. തന്നെയുമല്ല ഈ അംഗൻവാടി കെട്ടിടം ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടതിന്റെ വിവരങ്ങളും ഇല്ല.നിലവിൽ ഈ കെട്ടിടത്തിലേക്ക് വാട്ടർകണക്ഷൻ ഇല്ല.മുകൾനിലയിലെ ഈ ഭാഗത്തിൽ ഒരു ചെറിയ മുറിയും,ഒരു ടോയ്ലറ്റും ഒരു

ഹാളുമാണുള്ളത് .ഹാളിന്റെ ഭിത്തിയുടെ പകുതി ഭാഗം സിമന്റ് കട്ട ഉപയോഗിച്ചും ,പകുതി ഭാഗത്തിന് മുകളിലേക്ക് ഗ്രിൽ ഉപയോഗിച്ചുമാണ് പണി തീർത്തിട്ടുള്ളത്.മുകൾനിലയിലേക്ക് കയറുന്നതിനായിട്ട് സ്റ്റീൽ സ്റ്റെയർകെയ്സാണ് നിലവിലുള്ളത്.വയോജന ക്ലബിന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള ഈ കെട്ടിടം വയോജനങ്ങൾക്ക് സുഗമമായി കയറിവരുവാൻ പോലും സാധിക്കാത്ത രീതിയിലാണ് പണി തീർത്തിട്ടുള്ളത്. ഈ കെട്ടിടം നിലവിൽ പൊടിപിടിച്ച അവസ്ഥയിലാണുള്ളത്.വയോജന ക്ലബിന്റെ പ്രവർത്തനങ്ങളൊന്നും തന്നെ ഇവിടെ നടക്കുന്നുമില്ല.പ്രത്യേക പരിരക്ഷ അർഹിക്കുന്ന വയോജനങ്ങൾക്കുള്ള നിർബന്ധിത വകയിരുത്തൽ തുക വയോജനങ്ങൾക്ക് പ്രത്യക്ഷമായി യാതൊരു പ്രയോജനവും സിദ്ധിക്കാത്ത പ്രോജക്ടുകൾക്കായി ചെലവ് ചെയ്തിരിക്കുന്നു



ആയതിനാൽ പ്രോജക്ടിനായി ₹4,86,866 രൂപ ചെലവഴിച്ചത് പദ്ധതിപ്പണത്തിന്റെ പാഴ്ചെലവായി ഓഡിറ്റ് കണക്കാക്കുന്നു.പരാമർശത്തിലേക്ക് ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 റ്റി.എസ്.സി. അക്കൗണ്ടിലെ തുക നിക്ഷേപമാക്കി

ബ്ലോക്ക് പഞ്ചായത്തിന്റെ റ്റി.എസ്.സി. അക്കൗണ്ടിലെ തുക പുതിയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ടേം ഡെപ്പോസിറ്റ് ആക്കി മാറ്റുകയും ചെയ്തു. എന്നാൽ ഈ ഇടപാടുകൾ ഒന്നും തന്നെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

നിർമ്മൽ പുരസ്കാരം ഇനത്തിൽ 2009-2010 വർഷം ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയിൽ നീക്കിയിരിപ്പുള്ള തുക പഞ്ചാബ് നാഷണൽ ബാങ്കിലാണ് നിക്ഷേപിച്ചിരുന്നത് (അക്കൗണ്ട് നം. 4303000100033832, റ്റി.എസ്.സി.). വാർഷിക കണക്ക് പ്രകാരം ഈ അക്കൗണ്ടിന്റെ ബാങ്ക് ബുക്ക് ബാലൻസ് 2309542 രൂപയാണ്. ഇത് 31/03/2020-ൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയാണ്. ആയതിന് ശേഷം ബാങ്ക് ബുക്കിൽ രേഖപ്പെടുത്തലില്ല. ഈ ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് യഥാസമയം ലഭ്യമാക്കുകയുണ്ടായില്ല. ഓഡിറ്റ് പല തവണ ആവശ്യപ്പെട്ടതിന് ശേഷമാണ് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയത്. ബാങ്ക് അക്കൗണ്ടിന്റെ 01/04/21-ലെ മുന്നിരിപ്പ് 32324 രൂപയും 31/03/22-ലെ നീക്കിയിരിപ്പ് 33278 രൂപയുമാണ്. പഞ്ചാബ് നാഷൽ ബാങ്കിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയിൽ നിന്നും 2284900 രൂപ 23/04/20-ൽ ഫെഡറൽ ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിച്ച് (നം. 15970200000864) നിക്ഷേപിക്കുകയും അതിൽ നിന്നും 20,00,000 രൂപ 29/04/20-ന് Autosweep മുഖേന Term Deposit ആക്കുകയും ചെയ്തു. എന്നാൽ ഇതനുസരിച്ച് സാംഖ്യയിൽ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്തിയിട്ടില്ല. ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെയും (നം.15970200000864) ഡെപ്പോസിറ്റ് അക്കൗണ്ടിന്റെയും (15970400010325) വിശദാംശം സാംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഓഡിറ്റ് ആവശ്യപ്പെട്ട പ്രകാരം ലഭ്യമാക്കിയ ഫെഡറൽ ബാങ്ക് അക്കൗണ്ടിന്റെ (നം.15970200000864) സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.22-ലെ നീക്കിയിരിപ്പ് 200263 രൂപ മാത്രമാണ്. ഫെഡറൽ ബാങ്കിൽ നിന്ന് ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകൾ സംബന്ധിച്ച സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന് പഞ്ചായത്ത് അധികൃതരോടെ ആവശ്യപ്പെട്ടത് പ്രകാരം ലഭ്യമാക്കിയ രേഖകൾ പ്രകാരം 09/03/22-ലെ 15970200000864 നമ്പർ അക്കൗണ്ട് നീക്കിയിരിപ്പ് 200263രൂപയും 15970400010325 നമ്പർ Term Deposit അക്കൗണ്ട് നീക്കിയിപ്പ് 2053482 രൂപയുമാണ്. ഒരു ബാങ്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിച്ച് പുതിയ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പുതിയ ടേം ഡെപ്പോസിറ്റ് ആരംഭിക്കുകയും ചെയ്തിട്ടും വാർഷിക കണക്കിൽ ആവശ്യമായ അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ നടത്താതിരുന്ന അധികൃതരുടെ നടപടി ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ബാങ്ക് ഇടപാടുകളുടെ വാസ്തവം വെളിപ്പെടുത്താതിരുന്നത് സംബന്ധിച്ച വിശദമായ ഭരണതല അന്വേഷണം നടത്തുവാൻ ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 686000 | PMAY(gen) | 686000 | 0 |
| ജില്ലാ പഞ്ചായത്ത് | 490000 | PMAY(gen) | 490000 | 0 |

### 4-2 നിക്ഷേപ പ്രവൃത്തികൾ

KSEB , KWA ,GWD എന്നീ നിർവഹണ ഏജൻസികൾ വഴി വിവിധ പ്രവൃത്തികൾ നിർവഹിക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം ചുവടെ പറയുന്ന തുകകൾ നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പദ്ധതി നം | പദ്ധതിയുടെ പേര് | ഡെപോസിറ്റ് തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | 72 | എഴുമറ്റൂർ , മാരാമൺ തെള്ളിയൂർ ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 713664 | 0 | 713664 |
| 2 | KSEB | 70 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ തുക കൈമാറൽ | 375950 | 0 | 375950 |
| 3 | KSEB | 102 | അയിരൂർ ഡിവിഷനിലെ 7 ാം വാർഡിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 438203 | 0 | 438203 |
| 4 | KSEB | 55 | സ്ട്രീറ്റ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ (പ്ലാങ്കമൺ ഡിവിഷൻ | 462303 | 0 | 462303 |
| 5 | KWA | 73 | പുറമറ്റം മാരാമൺ ഡിവിഷനുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ | 506000 | 0 | 506000 |
| 6 | KWA | 111 | ഓച്ചാലിപ്പടി -അമ്പനാട്ടുതറ റോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 5000000 | 0 | 5000000 |

| | | | | | | |
|---|---|---|---|---|---|---|
| 7 | KWA | 77 | വിവിധ ബ്ലോക്ക് ഡിവിഷനുകളിൽ കുടിവെള്ള പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ | 2064210 | 0 | 2064210 |
| 8 | GWD | 58 | ബ്ലോക്ക് പഞ്ചായത്തിന്റെ വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കൽ | 2070000 | 0 | 2070000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ - വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

പഞ്ചാബ് നാഷൽ ബാങ്കിൽ നീക്കിയിരിപ്പുണ്ടായിരുന്ന തുകയിൽ നിന്നും 2284900 രൂപ 23/04/20-ൽ ഫെഡറൽ ബാങ്കിൽ കറന്റ് അക്കൗണ്ട് ആരംഭിച്ച് (നം. 15970200000864) നിക്ഷേപിക്കുകയും അതിൽ നിന്നും 20,00,000 രൂപ 29/04/20-ന് Autosweep മുഖേന Term Deposit ആക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ ഇടപാടുകൾ ഒന്നും തന്നെ വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. ഡെപ്പോസിറ്റ് അക്കൗണ്ടിന്റെ 2021-22 വർഷത്തെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ലഭ്യമാക്കിയ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 14/01/2023-ന് 2053482 രൂപ ഡെപ്പോസിറ്റ് അക്കൗണ്ടിൽ നീക്കിയിരിപ്പുണ്ട്.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998 - 99 | 16 | 2001-02 | V-3-8-1 | അഡ്വാൻസ് വാങ്ങി പണി ചെയ്യാതിരുന്നത് | തീർപ്പാക്കിയിട്ടില്ല |
| 1998-99 | 3-4 ,3-5 | 2001-02 | V-3-8-1 | അരിപ്പൊടി , മുളക്പൊടി യൂണിറ്റുകൾക്ക് നൽകിയ തുക അംഗീകരിക്കുന്നില്ല | തീർപ്പാക്കിയിട്ടില്ല |

## 4-8 ചാർജ് / സർചാർജ് നടപടികളിലൂടെ നഷ്ടം ഈടാക്കിയതിന്റെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 58166761 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 50410770 |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 901728 |

(ബി) ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-9 | 350000 | ശ്രീമതി സി.അമ്പിളി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-10 | 137640 | ശ്രീമതി സി.അമ്പിളി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ |
| 1-18 | 40000 | ലതാകുമാരി റ്റി.ആർ,<br>സി.ഡി.പി.ഒ |
| 1-20 | 374088 | ശ്രീമതി ബിന്ദുദേവി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ | 901728 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി സി.അമ്പിളി,<br>കൃഷി അസിസ്റ്റന്റ് ഡയറക്ടർ | കൃഷി ഡെപ്യൂട്ടി ഡയറക്ടർ | കാവുങ്കൽ വീട്<br>എലിക്കുളം, പി.ഒ, കോട്ടയം |
| ലതാകുമാരി റ്റി.ആർ<br>സി.ഡി.പി.ഒ | സി.ഡി.പി.ഒ കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | മലയിക്കിഴക്കേതിൽ,വള്ളംകുളം<br>പി.ഒ.തിരുവല്ല |
| ശ്രീമതി ബിന്ദുദേവി, ഡയറി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ, | മുരാരി സദനം,<br>കുട്ടംപേരൂർ |

| | | |
|---|---|---|
| എക്സ്റ്റൻഷൻ ഓഫീസർ | കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് | |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ

| വർഷം | ഓഡിറ്റ് റിപ്പോർട്ട് നം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.പി.റ്റി.എ-പി5-866/99 , തീയതി 31-01-01 | 1 |
| 2000-01 | എൽ.എഫ്.പി.റ്റി.എ-പി5-708/02, തീയതി 05-03-04 | 1 |
| 2002-03 | എൽ.എഫ്.പി.റ്റി.എ-പി6-257/06 , തീയതി 05-03-07 | 1 |
| 2003-04 | എൽ.എഫ്.പി.റ്റി.എ-പി6-881/07, തീയതി 07-06-08 | 8 |
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-882/07, തീയതി 07-06-08 | 1 |
| 2007-08 | എൽ.എഫ്.പി.റ്റി.എ-പി3-704/09, തീയതി 13-05-11 | 1 |
| 2008-09 | എൽ.എഫ്.പി.റ്റി.എ-പി2-564/11, തീയതി 13-12-11 | 1 |
| 2009-10 & 2010-11 | എൽ.എഫ്.പി.റ്റി.എ-പി2-113/13, തീയതി 03-09-13 | 2 |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി2-211/14 , തീയതി 12-09-14 | 5 |
| 2013-14 | എൽ.എഫ്.പി.റ്റി.എ-പി2-124/15 , തീയതി 06-06-15 | 5 |
| 2014-15 | കെ.എസ്.എ.പി.റ്റി.എ.പി2-320/2016 തീയതി. 22.03.2016 | 8 |
| 2015-16 | കെ.എസ്.എ.പി.റ്റി.എ.പി13-335/2017 തീയതി: 06.05.17/ 22.03.2016 | 11 |
| 2016-17 | കെ.എസ്.എ.പി.റ്റി.എ.പി12-1302/2017 തീയതി: 07.12.2017 | 14 |
| 2017-18 | കെ.എസ്.എ.പി.റ്റി.എ.പി12-343/2019 തീയതി: 07.06.2019 | 12 |
| 2018-19 | കെ.എസ്.എ.പി.റ്റി.എ.പി12-863/2019 തീയതി: 11.10.2019 | 9 |
| 2019-20 | കെ.എസ്.എ.പി.റ്റി.എ.പി12-927/2021 തീയതി: 06.01.2022 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ.എസ്.എ.പി.റ്റിഎ/പി.12/928 തീയതി 28.01.2022 | എല്ലാ ഖണ്ഡികകളും |

ഓഡിറ്റ് റിപ്പോർട്ടുകളിലെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കേണ്ടതാണ്.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കോയിപ്പുറം ബ്ലോക്ക് പഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

:

## അനുബന്ധം 3: വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദാംശം

| ക്രമനമ്പർ | പ്രൊജക്റ്റിന്റെ പേര് | തുക ഡെപ്പോസിറ്റ് ചെയ്ത വർഷം വർഷം | ഡെപ്പോസിറ്റ് ചെയ്ത തുക | ഏജൻസി |
|---|---|---|---|---|
| 1 | ആന്താലിമൺ മിനി വാട്ടർ സപ്ളൈ സ്കീം (പ്രൊജക്ട് നം. 62/2010-11) | 2010-11 | 2439340 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 2 | ആന്താലിമൺ മിനി വാട്ടർ സപ്ളൈ സ്കീം (പ്രൊജക്ട് നം. 134/2011-12) | 2011-12 | 338833 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 3 | മയിലാട്ടംപാറ കുടിവെള്ള പദ്ധതി(പ്രൊജക്ട് നമ്പർ 139/11-12) | 2011-12 | 45000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 4 | മലയിൽപ്പടി നീവേലിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 1000000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 5 | ഹോസ്പിറ്റൽപ്പടി സീതക്കുളം വഴി ഹോസ്പിറ്റൽ ക്വാർട്ടേഴ്സ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 650000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 6 | മല്ലപ്പള്ളിപ്പടി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2012-13 | 135000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 7 | കോഴിമല ചെറുകിട കുടിവെള്ള പദ്ധതി | 2012-13 | 550000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 8 | വടികുളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി | 2013-14 | 265000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |

| | | | | |
|---|---|---|---|---|
| 9 | വടികളം പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി | 2014-15 | 73000 | കേരള വാട്ടർ അതോറിറ്റി,തിരുവല്ല |
| 10 | എഴുമറ്റൂർ വൃദ്ധ സദനം വയറിംഗ് | 2015-16 | 216700 | പി.ഡബ്ല്യൂ.ഡി. |
| 11 | ഇരവിപേരൂർ ഗ്രാമപഞ്ചായത്തിലെ എസ്.സി. കോളനികളിൽ കുടിവെള്ള പദ്ധതി | 2015-16 | 1515599 | വാട്ടർ അതോറിറ്റി |
| 12 | മൈലാട്ടുംപാറ പ്രിയദർശിനി കുന്നേക്കാട് കുടിവെള്ള പദ്ധതി<br>പ്രൊജക്ട് നമ്പർ - 62/2017 | 2016-`17 | 1000000 | വാട്ടർ അതോറിറ്റി |
| 13 | പെരുമ്പാറ കണ്ണമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- 64/2017 | 2016-`17 | 500000 | വാട്ടർ അതോറിറ്റി |
| 14 | ഞുഴൂർ ഐ.എച്ച്.ഡി.പി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-63/17 | 2016-`17 | 500000 | വാട്ടർ അതോറിറ്റി |
| 15 | തുണ്ടിയത്ത് കാലാ കല്ലുങ്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-66/17 | 2016-`17 | 500000 | വാട്ടർ അതോറിറ്റി |
| 16 | മുണ്ടയ്ക്കാമല ഇലവുകണ്ടം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ -83/17 | 2016-`17 | 500000 | വാട്ടർ അതോറിറ്റി |
| 17 | ശംഖുവളയംപാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ- 84/17 | 2016-`17 | 500000 | വാട്ടർ അതോറിറ്റി |
| 18 | പ്ലാങ്കമണ്ണിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് | 2016-`17 | 458000 | വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ-91/17 | | | |
| 19 | ബ്ളോക്ക് പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-92/17 | 2016-`17 | 552000<br>441237 | വാട്ടർ അതോറിറ്റി |
| 20 | പുല്ലാട് ,കോയിപ്രം,തോട്ടപ്പുഴശ്ശേരി പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-93/17 | 2016-`17 | 591000 | വാട്ടർ അതോറിറ്റി |
| 21 | പ്ലാങ്കമണ്ണിലെ വിവിധ പ്രദേശങ്ങളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ-68/17 | 2016-`17 | 499905 | കെ.െസ്.ഇ.ബി |
| 22 | ശങ്കരമംലപടി പ്രയാറ്റ് കടവ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 225000 | കേരള വാട്ടർ അതോറിറ്റി |
| 23 | കടയാർ മുതുപാലയ്ക്കൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 302818 | കേരള വാട്ടർ അതോറിറ്റി |
| 24 | തെള്ളിയൂർ ഡിവിഷനിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2017-18 | 302818 | കെ.എസ്.ഇ.ബി. |
| 25 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 1) | 2017-18 | 302818 | കേരള വാട്ടർ അതോറിറ്റി |
| 26 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ | 2017-18 | 60409 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | 7) | | | |
| 27 | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 7) | 2017-18 | 192409 | കെ.എസ്.ഇ.ബി. |
| 28 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 8) | 2017-18 | 200000 | കേരള വാട്ടർ അതോറിറ്റി |
| 29 | അരുവിക്കുഴി സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ (ഡിവിഷൻ 8) | 2017-18 | 102818 | കെ.എസ്.ഇ.ബി. |
| 30 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 2017-18 | 302818 | കേരള വാട്ടർ അതോറിറ്റി |
| 31 | പഴയകാവ് കുടിവെള്ള പദ്ധതി (ഡിവിഷൻ 12) | 2017-18 | 302818 | കേരള വാട്ടർ അതോറിറ്റി |
| 32 | വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 13) | 2017-18 | 389000 | കേരള വാട്ടർ അതോറിറ്റി |
| 33 | ചുഴന ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 2017-18 | 1000000 | കേരള വാട്ടർ അതോറിറ്റി |
| 34 | കണ്ണംപാറ പെരുമ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 92000 | കേരള വാട്ടർ അതോറിറ്റി |
| 35 | ചെങ്ങമൺ കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 200000 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 36 | അന്താലിമൺ ചുഴികുന്നമല പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 302818 | കേരള വാട്ടർ അതോറിറ്റി |
| 37 | ഡോ. അംബേദ്കമാർ കോളനി കുടിവെള്ള പദ്ധതി | 2017-18 | 800000 | കേരള വാട്ടർ അതോറിറ്റി |
| 38 | പുല്ലാട്, തോട്ടപ്പുഴശ്ശേരി കോയിപ്രം പ്രദേശങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2017-18 | 200000 | കേരള വാട്ടർ അതോറിറ്റി |
| 39 | ഇടത്തറ കോളനി സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 2017-18 | 76650 | കെ.എസ്.ഇ.ബി. |
| 40 | 19/19- പ്ലാങ്കമൺ ഡിവി ഷനിലെ വിവിധ സ്ഥല ങ്ങളിൽ സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ | 2017-18 | 1,56,586<br>34,18,481 | കെ.എസ്. ഇ.ബി. |
| 41 | 108/19- പുല്ലേലിമല കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2018-19 | 1,71,000 | കെ.എസ്. ഇ.ബി. |
| 42 | 109/19- കണ്ണങ്കരേത്ത് മുണ്ടപ്ലാക്കൽപടി സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 50,000 | കെ.എസ്. ഇ.ബി. |
| 43 | 148/19- അയിരൂർ ഗ്രാമപഞ്ചായത്ത് സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 1,00,000 | കെ.എസ്. ഇ.ബി. |
| 44 | 149/19- ഇലഞ്ഞിപ്പടി ഉണ്ടപുരയിടം കോളനിയിൽ 3 ഫേസ് ലൈനും സിംഗിൾ ഫേസ് ലൈനും, ഞൂഴൂർ ഐ.എച്ച്.ഡി.പി. കോളനിയിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷനും | 2018-19 | 2,38,561 | കെ.എസ്. ഇ.ബി. |

| | | | | |
|---|---|---|---|---|
| | | | | |
| 45 | 167/19- വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 2018-19 | 2,55,88 | കെ.എസ്. ഇ.ബി. |
| 46 | 32/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 3 | 2018-19 | 2,79,897 | കേരള വാട്ടർ അതോററ്റി |
| 47 | 33/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 4 | 2018-19 | 2,79,897 | കേരള വാട്ടർ അതോററ്റി |
| 48 | 34/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 5 | 2018-19 | 2,79,897 | കേരള വാട്ടർ അതോററ്റി |
| 49 | 37/19-വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ ഡിവിഷൻ 9 | 2018-19 | 2,79,89 | കേരള വാട്ടർ അതോററ്റി |
| 50 | 92/19-പഴയകാവ് കുടിവെള്ളപദ്ധതി (ഡിവിഷൻ 12) | 2018-19 | 6,97,182 | കേരള വാട്ടർ അതോററ്റി |
| 51 | 101/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 1) | 2018-19 | 2,14,662 | കേരള വാട്ടർ അതോററ്റി |
| 52 | 102/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 3,02,8 | കേരള വാട്ടർ അതോററ്റി |

| | | | | |
|---|---|---|---|---|
| | (ഡിവിഷൻ 4) | | | |
| 53 | 103/19- വിവിധ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (ഡിവിഷൻ 11) | 2018-19 | 57,182 | കേരള വാട്ടർ അതോറിറ്റി |
| 54 | 111/19- തോട്ടപ്പുഴ ലക്ഷംവീട് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 5,92,000 | കേരള വാട്ടർ അതോറിറ്റി |
| 55 | 112/19- ബഥനിപ്പടി കൊച്ചുകാല കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 4,60,480 | കേരള വാട്ടർ അതോറിറ്റി |
| 55 | 113/19- വേങ്ങഴത്തറ സെറ്റിൽമെന്റ് കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 3,40,000 | കേരള വാട്ടർ അതോറിറ്റി |
| 56 | 114/19- വേട്ടക്കുന്ന് എസ്.സി. കുടിവെള്ള പദ്ധതി | 2018-19 | 61,250 | കേരള വാട്ടർ അതോറിറ്റി |
| 57 | 142/19- എടയ്ക്കാട് ഡിവിഷൻ 5 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 2,52,689 | കേരള വാട്ടർ അതോറിറ്റി |
| 58 | 147/19- നന്നൂർ ഡിവിഷൻ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 2018-19 | 2,52,689 | കേരള വാട്ടർ അതോറിറ്റി |
| 59 | 173/19- പൊട്ടക്കുളം ലക്ഷംവീട് കോളനി കുടിവെള്ളപദ്ധതി വാട്ടർ അതോറിറ്റിക്ക് തുക കൈമാറൽ | 2018-19 | 2,40,199<br>3,32,051 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | | | | |
| 60 | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 52/20 - Spill Over<br>വികസന ഫണ്ട് ജനറൽ | 2019-20 | 279660 | കെ.എസ്.ഇ.ബി |
| 61 | വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, SO 57/20 - Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2019-20 | 45045 | കെ.എസ്.ഇ.ബി |
| 62 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, SO 61/20 - Spill Over<br>പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2019-20 | 239835 | കെ.എസ്.ഇ.ബി |
| 63 | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 50/20 - Spill Over<br>വികസന ഫണ്ട് ജനറൽ | 2019-20 | 279807 | കേരള വാട്ടർ അതോറിറ്റി |
| 64 | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 51/20 - Spill Over<br>വികസന ഫണ്ട് ജനറൽ | 2019-20 | 279897 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| 65 | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 53/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 2019-20 | 279897 | കേരള വാട്ടർ അതോറിറ്റി |
| 66 | വിവിധ സ്ഥലങ്ങളിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾ, SO 54/20 – Spill Over<br>വികസന ഫണ്ട് ജനറൽ | 2019-20 | 79899 | കേരള വാട്ടർ അതോറിറ്റി |
| 67 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 122/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2019-20 | 1297764 | കേരള വാട്ടർ അതോറിറ്റി |
| 68 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 30/20 – വികസന ഫണ്ട് ജനറൽ | 2019-20 | 153000 | കേരള വാട്ടർ അതോറിറ്റി |
| 69 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 31/20 - വികസന ഫണ്ട് ജനറൽ | 2019-20 | 1036973 | കെ.എസ്.ഇ.ബി |
| 70 | ലൈൻ എക്സ്റ്റൻഷൻ<br>SO 118/20 – പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2019-20 | 195174 | കെ.എസ്.ഇ.ബി |
| 71 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 90/21 - Spill Over<br>പ്രത്യേക ഘടക പദ്ധതി | 2020-21 | 1580587 | കേരള വാട്ടർ അതോറിറ്റി |

| | | | | |
|---|---|---|---|---|
| | ഫണ്ട് | | | |
| 72 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 89/21 - Spill Over - വികസന ഫണ്ട് ജനറൽ | 2020-21 | 2337372 | കേരള വാട്ടർ അതോറിറ്റി |
| 73 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 78/21 - Spill Over - വികസന ഫണ്ട് ജനറൽ | 2020-21 | 238135 | കെ.എസ്.ഇ.ബി |
| 74 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 07/21 - വികസന ഫണ്ട് ജനറൽ | 2020-21 | 1363000 | കേരള വാട്ടർ അതോറിറ്റി |
| 75 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 10/21 - പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2020-21 | 192704 | കെ.എസ്.ഇ.ബി |
| 76 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ<br>SO 08/21 - പ്രത്യേക ഘടക പദ്ധതി ഫണ്ട് | 2020-21 | 1287000 | കേരള വാട്ടർ അതോറിറ്റി |
| 77 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ<br>SO 09/21 - വികസന ഫണ്ട് ജനറൽ | 2020-21 | 824050 | കെ.എസ്.ഇ.ബി |
| 78 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ (പ്ലാങ്കമൺ ഡിവിഷൻ), 55/22 | 2021-22 | 462303 | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| 79 | ബ്ലോക്ക് പഞ്ചായത്തിൻറെ വിവിധ ഡിവിഷനുകളിൽ കുടിവെള്ളപദ്ധതികൾ നടപ്പിലാക്കൽ, 58/22 | 2021-22 | 2070000 | ഭൂജല വകുപ്പ് |
| 80 | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ - കെ എസ് ഇ ബി ക്ക് തുക കൈമാറൽ, 70/22 | 2021-22 | 375950 | കെ.എസ്.ഇ.ബി |
| 81 | എഴുമറ്റൂർ മാരാമൺ തെള്ളിയൂർ, 72/22 ഡിവിഷനുകളിൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 2021-22 | 713664 | കെ.എസ്.ഇ.ബി |
| 82 | പുറമറ്റം മാരാമൺ ഡിവിഷനുകളിലെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവ്യത്തികൾ, 73/22 | 2021-22 | 506000 | വാട്ടർ അതോറിറ്റി |
| 83 | വിവിധ ബ്ലോക്ക് ഡിവിഷനുകളിൽ കുടിവെള്ളം പൈപ്പ്ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ, 77/22 | 2021-22 | 2064210 | വാട്ടർ അതോറിറ്റി |
| | | | 44763764 | |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ